Member sworn in.

MR. M. GOVINDA PILLAI (*Financial Secretary to Government*) took the oath and signed the rolls.

DISCUSSION ON THE REPORT OF THE WORKING OF THE PUBLIC SERVICE RECRUITMENT RULES, (*contd*)

PRESIDENT : I have been asking various honourable members as to what in their opinion would be the most expeditious means of getting through the business. A certain amount of general observations would be inevitable and I think—I entirely leave to it the honourable members to decide—about lunch time today we ought to be able to finish the general observations. So, I am suggesting for the consideration of this House that in view of the fact that various honourable members have to put forward resolutions and amendments, and if they do this one by one much time will be taken, the best way for dealing with the matter is for the honourable members, who want to speak, to send in their names to the Secretary who will prepare a list by which the debate can be guided.

MR. T. T. KESAVAN SASTRI : സർ, പബ്ളിക്കുസർവീസ് കമ്മീഷണരുടെ റിപ്പോർട്ടിലെ ചില സൂചനകളെ പരാമർശിച്ചുകൂടി ചിലതു് പറയേണ്ടതായിട്ടുണ്ടു്. സർവീസിൽ പ്രാതിനിധ്യമില്ലാതിരുന്ന സമുദായങ്ങൾക്കു് കമ്മീഷണരുടെ നിയമനമനുസരിച്ചു ഗുണമുണ്ടായിട്ടുള്ളതായി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതു് സബഹുമാനം അനുസമരിക്കുന്നു. എന്നാൽ പുലയസമുദായത്തിനു ആ ഗുണമുണ്ടായിട്ടില്ലെന്നും അവരുടെ സാക്ഷരതപം അത്രത്തോളം കുറവാണെന്നും പറയുന്നു. കമ്മീഷണരുടെ ഈ അഭിപ്രായം ശരിയാണോ എന്നു സംശയമുണ്ടു്. പുലയസമുദായത്തിൽ മലയാളം, ഇംഗ്ലീഷു്, സംസ്കൃതം മുതലായ ഭാഷകളിൽ ഗവണ്മെൻറു പരീക്ഷകളും പാസായിട്ടുള്ളവരും സർവീസ് ചട്ടപ്രകാരം പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവരും സാമാന്യവിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരും ഇതേവരെ യാതൊരു ജോലിയും ലഭിച്ചിട്ടില്ലാത്തവരുമൊട്ടും കുറവല്ലെന്നുള്ള വസ്തുത എനിക്കു ശരിയായി അറിയാവുന്നതാണു്. ആളില്ലെന്നു് കമ്മീഷണർക്കു് സംശയമുണ്ടെങ്കിൽ അപേക്ഷകരെ അന്വേഷിച്ചുണ്ടായാൽ ഈ സമുദായത്തിൽ നിന്നു തന്നെ ഹാജരാക്കാൻ ഞാൻ തയാറാണു്. പുലയക്കു് വിദ്യാഭ്യാസസൗകര്യം ലഭിച്ച സമയത്തെക്കുറിച്ചു് കമ്മീഷണക്കു് അറിവുണ്ടായിരിക്കയില്ലെന്നു തോന്നുന്നു.

വേറൊന്നു പറയാനുള്ളതു് ആക്ടിംഗ്നിയമനങ്ങളെക്കുറിച്ചാണു്. ഒരു മാസത്തിൽ കവിയാത്ത നിയമനങ്ങൾ നടത്താൻ ഡിപ്പാർട്ടുമെൻറു മേലധികാരികൾക്കു് അധികാരമുള്ളതായി കമ്മീഷണർ ഒരിക്കൽ ഇവിടെ പ്രസ്താവിച്ചിരുന്നു. എന്നാൽ മിക്കവാറും ഡിപ്പാർട്ടുമെൻറു് മേല

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. T. Kesavan Sastri.]

ധികാരികൾ അതിൽ ശ്രദ്ധിച്ചുകാണുന്നില്ല. ബഹുമാനപ്പെട്ട പ്രൈവൈസ് ചാൻസലർ മി. സി. വി ചന്ദ്രശേഖരൻ തുടങ്ങി അപൂർവ്വാചല ഡിപ്പാർട്ടുമെൻറു മേലധികാരികൾ മാത്രമേ അതിൽ ശ്രദ്ധിച്ചതായി കാണുന്നുള്ളൂ. അധികാരം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരിൽ അധികം പേരും കമ്മീഷണരെ ചൂണ്ടി അശ്രദ്ധ കാണിക്കുന്നതു് പറയാതിരിക്കാൻ നിവൃത്തിയില്ല. ആക്ടിഗ് നിയമനം കിട്ടാത്തവരുടെ കാര്യം സർവീസ് കമ്മീഷണരുടെ കീഴ്സിൽബന്ധികൾ പരിഗണിക്കാതെയുമിരിക്കുന്നു. ഇതു് പരമാർത്ഥമാണു്. അതിനാൽ ആക്ററിംഗ് നിയമനസംഗതിയിലും ഒരു വ്യവസ്ഥയുടെ അത്യാവശ്യം ഉണ്ടെന്നു തന്നെയാണു് ഞാൻ പറയുന്നതു്. ഇപ്പോഴത്തെ സർവീസുകമ്മീഷണരെത്തന്നെ തുടർന്നു നിയമിക്കണമെന്നാണെന്റെ അഭിപ്രായം. കമ്മീഷണക്കു് മലയാളഭാഷ അറിഞ്ഞുകൂടാ എന്നൊരു കുറവു മാത്രമേയുള്ളൂ. കമ്മീഷണരുടെപുതിയ സിക്രട്ടറിയുടെ നിയമനത്തിൽ ഗവണ്മെൻറു ഔചിത്യപൂർവ്വം ശ്രദ്ധിച്ചുകാണുന്നതിൽ സന്തോഷിക്കുന്നു. മി. എച്ചു്. പി. വാറനെ സിക്രട്ടറിയായി നിമിച്ചപ്പോൾ ഭാഷാജ്ഞാനത്തിൽ കമ്മീഷണരും സിക്രട്ടറിയും ഒരുപോലെ ആയിരിക്കുമോ എന്നു് എനിക്കു ആശങ്കയുണ്ടായിരുന്നു. അടുത്തു യാതൊരു പരിചയവും ഉണ്ടായിരുന്നില്ലെങ്കിലും ഞാൻ അദ്ദേഹത്തിനു മലയാളമണിപ്രവാളഭാഷയിൽ ഒരു അനുമോദനക്കത്തു എഴുതി അയച്ചിരുന്നു. അതിനു അദ്ദേഹം മലയാളത്തിൽത്തന്നെ സ്വന്ത കൈപ്പടയിൽ സമുചിതമായ ഒരു മറുപടിയും അയച്ചുതന്നു. അതോടുകൂടി എന്റെ സംശയവും തീർന്നു സന്ദർഭവശാൽ ഇതും ഇവിടെ പ്രസ്താവിച്ചുവെന്നേയുള്ളൂ.

സർ, തിരുവിതാംകൂറിന്റെ സകല അഭിവൃദ്ധിയും സഹായകനായ ദിവാൻജി അവർകൾക്കു പബ്ലിക്കു സർവീസ് പ്രാതിനിധ്യവാദത്തിനു ശരിയായ ഒരു സമാധാനം നൽകാൻ വേണ്ട സൗകര്യങ്ങൾ എല്ലാം ഉണ്ടു്. പ്രാപ്തനായ ഒരു കമ്മീഷണർ, ശേഷിമാനായ ഒരു സെക്രട്ടറി, സമർത്ഥരായ ഡിപ്പാർട്ടുമെൻറു മേലധികാരികൾ, മഹാസമർത്ഥനായ ചീഫ് സെക്രട്ടറി ഇവരെല്ലാം ഉള്ളപ്പോൾ ഈ വിഷമപ്രശ്നത്തിനു പരിഹാരം വരുത്താൻ എളുപ്പമുണ്ടു്. കഴിയുന്നതും വേഗത്തിൽ വേണ്ടതു് ചെയ്യണമെന്നപേക്ഷിച്ചുകൊണ്ടു് ഈ പാർട്ടിയിൽ നിന്നും അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപങ്ങളുടെ തത്വങ്ങളോടു ഞാൻ പൂർണ്ണമായി അനുകൂലിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MUHAMED (*Quilon cum Kottarakara*): നാഷനൽ കാൺഗ്രസ് ലീഡർ മി. പത്മനാഭപിള്ള ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ ഹൃദയപൂർവം പിൻതാങ്ങുന്നു. ഈ പ്രമേയം മി. പത്മനാഭപിള്ളയുടെസ്വന്തമായിട്ടുള്ളതല്ല. നാഷണൽ കാൺഗ്രസ് പാർട്ടിയിലെഅംഗങ്ങളും നാഷണൽകാൺഗ്രസിലെ പ്രധാനഅംഗങ്ങളുംകൂടി ആലോചിച്ചു ഈ രാജ്യത്തെ വിവിധസമുദായങ്ങളും യോജിച്ചു മുന്നോട്ടു പോകുന്നതിനു പ്രതിബന്ധമായി നിൽക്കുന്ന പബ്ളിക്ക് സർവീസിലെ ഉദ്യോഗ നിയമനത്തെ സുസ്ഥാപിതമാർഗ്ഗങ്ങളിലും എല്ലാവക്കും തൃപ്തികരമായനിലയിലും ആയി ഒരു പരിതി ഉണ്ടാക്കണമെന്നു വളരെ ദിവസങ്ങളായി ആലോചിച്ചതിന്റെ ഫലമായിട്ടാണ് ഇങ്ങനെ ഒരു പ്രമേയം ഇവിടെ അവതരിക്കപ്പെട്ടിട്ടുള്ളതു്. അനേകകാലമായി വളരെ മത്സരം ഉണ്ടാക്കിക്കൊണ്ടിരുന്ന പബ്ളിക്കു സർവീസിലെ ഉദ്യോഗനിയമനത്തിനു തൃപ്തികരമായ ഒരു അവസാനതീരുമാനം ഉണ്ടാക്കുകയാണെങ്കിൽ ഈ രാജ്യത്തെ രാഷ്ട്രീയാന്തരീക്ഷത്തിനുതന്നെ വലിയ ഒരു മാറ്റം ഉണ്ടാകുമെന്നുള്ളതിനു യാതൊരു സംശയവും ഇല്ല. ഇതിനെ സംബന്ധിച്ചു രണ്ടുവിധത്തിലാണു് വാദം നടന്നുകൊണ്ടിരുന്നതു്. ഒന്നു കാംക്ഷമതയുടെ പേരിലും മറെറാന്നു് സമുദായങ്ങളുടെ നേക്കു് നീതികാണിക്കണമെന്ന നിലയിലും ആയിരുന്നു. പബ്ളിക്ക് സർവീസിൽ ഉയർന്ന സ്ഥാനങ്ങളും കരസ്ഥമാക്കുന്നതിനു ഭാഗ്യമുണ്ടായ സമുദായങ്ങളും കാംക്ഷമതയ്ക്കുവേണ്ടി വാദിച്ചുകൊണ്ടിരുന്നു. അതിൽ പ്രധാനസ്ഥാനത്തു നിന്നതു് നായർ സമുദായമാണു്. ഈ വിധത്തിൽ അസമത്വസമുദായങ്ങളും ഇവരും തങ്ങളിൽ അറിയാതെതന്നെ ഹൃദയംകൊണ്ടു് അകന്നകന്നു് വന്നുതുടങ്ങി. രാജ്യത്തിന്റെ പൊതുഗുണത്തിനാവശ്യമുള്ള പല പ്രവർത്തികളും ഇവർക്കു് യോജിച്ചു പ്രവർത്തിക്കുന്നതിനു സാധിക്കാതെ വന്നു. കുറെ മാസങ്ങൾക്കുമുമ്പു് തിരുവിതാംകൂറിലെ രാഷ്ട്രീയമണ്ഡലം അകപ്പാടെ ഇളക്കിമറിക്കത്തക്കവിധത്തിൽ പ്രക്ഷോഭണമുണ്ടായപ്പോൾ സമാധാനം സ്ഥാപിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി ഉത്തരവാദിത്വമുള്ള പൗരന്മാർ ചേർന്നു് ഉദ്യോഗനിയമനചിന്തയോ സമുദായസ്പർദ്ധയോ ഗണിക്കാതെ ദേശീയമായ ഉദ്ദേശത്തോടുകൂടി സ്ഥാപിക്കപ്പെട്ട സംഘടനയാണു് നാഷനൽ കാൺഗ്രസ്. രാജ്യത്തിന്റെ പലഭാഗത്തും അതിലെ പ്രവർത്തകന്മാർ സഞ്ചരിച്ചു. ഈ രാജ്യത്തു സമാധാനം പുലർത്തണമെങ്കിൽ ഉദ്യോഗനിയമനവിഷയത്തിൽ കാംക്ഷമായി എന്തെങ്കിലും ചെയ്താലല്ലാതെ സാധിക്കുകയില്ലെന്നു മനസ്സിലായി. കാംക്ഷമതയുടെപേരിൽ സമുദായപ്രാതിനിധ്യവാദത്തെ എതിർത്തുകൊണ്ടിരുന്ന നായന്മാർക്കുതന്നെ അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P.S. Muhamed.]

അത്യാവശ്യം എത്രത്തോളമുണ്ടെന്നു മനസ്സിലായി. അതിലേക്കു നായന്മാരും ഈഴവരും തമ്മിൽ യോജിച്ചു് ശ്രമിച്ചതിന്റെ ഫലമായിട്ടാണു് ഇങ്ങനെ ഒരു പ്രമേയം ഇവിടെ അവതരിക്കപ്പെട്ടിട്ടുള്ളതു്.

MR. K. P. KOCHUKORA THARAKAN: മറേതെല്ലാം സമുദായക്കാർ അതിൽ ചേർന്നിട്ടുണ്ടു് ?

MR. P. S. MUHAMED :നാഷണൽ കാൺഗ്രസ്സിൽ ചേർന്നിട്ടുള്ള എല്ലാ സമുദായക്കാരും കൂടി ആലോചിച്ചു തീരുമാനിച്ചിട്ടുള്ളതാണു് ഇതു്. അല്ലാതെ നായന്മാരും ഈഴവരും തമ്മിൽ മാത്രമുള്ള ഒരു തീർച്ചയല്ല.

MR. K. P. KOCHUKORA THARAKAN : നാഷണൽ കാൺഗ്രസ് പാർട്ടിയിൽ യാക്കോബാ സമുദായത്തിൽനിന്നു് ആരെങ്കിലും ഉണ്ടോ?

MR. P. S MUHAMED : സ്റ്റേറ്റു് കാൺഗ്രസിൽ മെമ്പറല്ലാത്ത പല യോഗ്യന്മാരും ഇതിൽ സഹകരിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഇതുനിമിത്തം ആക്ഷേപം ഒരു ദുഷ്യവും വരാനില്ല. ഉണ്ടെന്നുകാണുന്ന ദുഷ്യങ്ങളെ പരിഹരിക്കുന്നതിനും ധാരാളം സൗകര്യമുണ്ടു്. മറേതെങ്കിലും സമുദായത്തെ ഇതുകൊണ്ടു അസൂഖപ്പെടുത്തണമെന്നു് ആഗ്രഹിക്കുന്നില്ല. സമുദായപ്രാതിനിധ്യവാദത്തെ മുക്തകണ്ഠം എതിർത്തുകൊണ്ടിരുന്ന നായന്മാർ സമുദായങ്ങളുടെ പാപ്പുലേഷൻ ബെസിസ്സിൽ സമുദായപ്രാതിനിധ്യം അനുവദിച്ചുകൊടുക്കുന്നതിനു് സമ്മതമാണെന്നാണു് പറയുന്നതു്. നാഷണൽകാൺഗ്രസിൽ ഇല്ലാത്ത മറു സമുദായക്കാർ പറയുന്നതും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം എല്ലാവർക്കും അനുവദിച്ചുകൊടുക്കണമെന്നാണു്. ഇതിനെ സ്വീകരിക്കാൻ തയാറുണ്ടോ എന്നുമാത്രമാണു് അറിയേണ്ടതു്. അങ്ങിനെ ആവശ്യപ്പെട്ടതു് മനസാക്ഷിയോടുകൂടിയാണെങ്കിൽ ആ തത്വം ഈ പ്രമേയത്തിൽ ഉണ്ടോ എന്നുമാത്രമേ നോക്കേണ്ടതുള്ളൂ. ഈ പ്രമേയംകൊണ്ടു് കാണുന്നതു് രണ്ടുമൂന്നു സംഗതികളാണു്. ഉദ്യോഗങ്ങളെ ഹയർഡിവിഷനെന്നും ലോവർഡിവിഷനെന്നും രണ്ടായി തിരിച്ചിട്ടുണ്ടു്. ൟ ൪൦ രൂപയ്ക്കുമേലുള്ള ഉദ്യോഗങ്ങളെ ഹയർ ഡിവിഷനെന്നും അതിനു താഴെയുള്ളവരെ ലോവർ ഡിവിഷനെന്നും നിശ്ചയിച്ചു. ൟ ൪൦ രൂപയ്ക്കുകീഴിലുള്ള സകല ഉദ്യോഗങ്ങളും ജനസംഖ്യയനുസരിച്ചു് കൊടുക്കേണ്ടതാണെന്നു പ്രമേയത്തിൽ വിവരിക്കുന്നുണ്ടു്. മൻസിഫ് ഉദ്യോഗവും അതനുസരിച്ചു് കൊടുക്കാം. ൫൦ രൂപയ്ക്കുമേലുള്ള ഉദ്യോഗങ്ങളെ ഇൻറർമീഡിയറു വകുപ്പിൽ ഉൾപ്പെടുത്തി ൫൦ ശതമാനം അൺറിപ്രസൻറഡ് കമ്മ്യൂണിറ്റീസ്നു് നീക്കി വച്ചിട്ടുണ്ടു്. പ

LIBRARY ARCHIVES Kerala Legislative Assembly

ബ്ലിക്ക് സർവീസ് കമ്മീഷണർ നീതിമാനും ന്യായസ്ഥനുമാണ്. എന്നാൽ അദ്ദേഹത്തിന്റെ ഉദ്യോഗ നിയമനങ്ങളെ നോക്കിയാൽ ധാരാളം അനീതികൾ ചെയ്തിട്ടുണ്ടെന്നു കാണാവുന്നതാണ്. നിയമനപ്പട്ടികയിൽ ഇന്റർമീഡിയറ്റിൽ ഫെർസ്റ്റ് ആണ് കാണുന്നത്. ഇതിൽ രണ്ട് ഉദ്യോഗം മുസ്ലീമിങ്ങൾക്കു കിട്ടിയിട്ടുണ്ട്. ഇതു കഷ്ടിച്ച് നൂറിനം ശതമാനം മാത്രമേ ആകുന്നുള്ളൂ. മുസ്ലീമിങ്ങളുടെ ജനസംഖ്യയനുസരിച്ച് ഫെയർ ആളുകൾക്ക് ഉദ്യോഗം ലഭിക്കേണ്ടതാണ്. മുസ്ലീമിങ്ങളുടെ ജനസംഖ്യയിൽ നേർപകുതിയും കാൽഭാഗവും ജനസംഖ്യയുള്ള പല സമുദായക്കാർക്കും മുസ്ലീമിങ്ങളെക്കാൾ മൂന്നിരട്ടി ഉദ്യോഗങ്ങൾ ലഭിച്ചിട്ടുണ്ട്. പരീക്ഷയിൽ സ്ഥാനാർത്ഥികളായി ധാരാളം മുസ്ലീമിങ്ങൾ ഉണ്ടായിരുന്നു എന്ന് റിപ്പോർട്ടിൽ കാണുന്നുണ്ട്. സമുദായത്തിന്റെ ഇന്നത്തെ നിലനോക്കിയാൽ മൽസരപരീക്ഷയിൽ അവർ പിന്നോക്കംനിൽക്കുകയില്ലെന്നു കാണാവുന്നതാണ്. ഇ. എസ്. എൽ. സി. പരീക്ഷയിൽ ധാരാളം മുസ്ലീമിങ്ങൾ പാസായിട്ടുണ്ട്. ഈ സ്ഥിതിക്ക് മുസ്ലീമിങ്ങളുടെ എണ്ണത്തിൽ കുറവു കാണുന്നു എങ്കിൽ അതിൽ എന്തോ ഉണ്ടെന്നുവേണം വിചാരിക്കുവാൻ. പബ്ലിക്കുസർവീസ് കമ്മീഷണരുടെ കാൽക്കുലേഷൻ അനുസരിച്ച് നൂറിൽ ഉദ്യോഗത്തിൽ നൂറിനം എണ്ണം മുസ്ലീമിങ്ങൾക്കു ലഭിച്ചിട്ടുണ്ട്. ശരിയായി ലഭിക്കേണ്ടതു ഫെർസ്റ്റ് ആണ്. എന്നാൽ മറ്റു പല സമുദായക്കാർക്കും കൂടുതൽ കിട്ടിയിട്ടുണ്ട്. ഈ വിധത്തിലുള്ള പ്രവർത്തികൾ കൊണ്ട് അസമതാസമുദായങ്ങളുടെ വളർച്ചയെത്തെ വൃണപ്പെടുത്തീട്ടുണ്ട്. ഈ അസംബ്ലിയിൽ പബ്ലിക്കുസർവീസ് കമ്മീഷണരുടെ റിപ്പോർട്ട് വാദപ്രതിവാദത്തിനുവരുമ്പോൾ അതു മുഴുവനും മാറണമെന്ന് വാദിക്കണമെന്നാണ് ഞാൻ വിചാരിച്ചിരുന്നതു്. എന്നാൽ നാഷണൽ കാൺഗ്രസ് പ്രവർത്തകരുടെ ഈ നിശ്ചയം കണ്ടതുകൊണ്ടാണ് അതുവേണ്ടെന്നു നിശ്ചയിച്ചതു്. അതുകൊണ്ടാണ് ഈ പ്രമേയത്തെ സന്തോഷത്തോടുകൂടി പിൻതാങ്ങുന്നതു്. ഈ പ്രമേയം അനുസരിച്ച് മുസ്ലീമിങ്ങൾക്ക് ഫെയർ ഉദ്യോഗങ്ങളല്ല ലഭിക്കുന്നതു്. ഫെർസ്റ്റ് കിട്ടുന്നതാണ്. ഈ നിലയ്ക്ക് ഓരോ സമുദായത്തിനും കിട്ടും. ന്യായമായി കിട്ടേണ്ട എണ്ണം കുറയുകയില്ല എന്നമാത്രമല്ല ചിലപ്പോൾ കൂടുതലും കിട്ടും. മുസ്ലീം സമുദായത്തിന് കാര്യമായ പ്രയോജനം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ഏതൊരുത്തനും ഈ പ്രമേയത്തെ അനുകൂലിക്കാതിരിക്കുകയില്ല. ഇതിൽ ചില ഭേദഗതികൾ എന്റെ മാന്യസ്നേഹിതൻ അവതരിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: I have received notices from about 15 honourable members evincing their desire to speak. I therefore propose to fix ordinarily 5 to 7 minutes for each speaker.

The honourable member may finish soon.

MR. P. S. MUHAMED: റവ. സി. എസ്. പരീക്ഷയെ സംബന്ധിച്ച് ഇന്നുള്ള രൂപത്തെന്നെ മേലും വേണ്ടതാണ്. ആ സംഗതിയിൽ പ്രമേയം അവതരിപ്പിച്ച ആളിന് അഭിപ്രായവ്യത്യാസം ഉണ്ടെന്നതോന്നുന്നില്ല.

എയിഡഡ് സ്കൂളുകളെക്കൂടി ഇതിൽ ഉൾപ്പെടുത്തണമെന്നു പറയുന്നുണ്ട്. അതിനെപ്പറ്റി അമൻറ്മെൻറ് വന്നതുകൊണ്ട് രണ്ടുവാക്കു പറയാമെന്നു വിചാരിക്കുന്നു. നാഷണൽ കാൺഗ്രസ്കാരുടെ പ്രമേയത്തിൽ അതില്ല. ഈഴവസഹോദരന്മാരും ക്രിസ്ത്യാനിസഹോദരന്മാരും സ്നേഹമായി വർത്തിക്കാനിടയുള്ളതുകൊണ്ട്—അവരുടെ ഹൃദയത്തെ തല്ക്കാലം വേദനപ്പെടുത്തിയിട്ടുണ്ടെങ്കിലും...

MR. K. R. NARAYANAN (*Vaikom cum Kottayam*): ഈഴവസമുദായത്തിൽ പെട്ടവർ ക്രിസ്ത്യാനിസഹോദരന്മാരുടെ ഹൃദയത്തിന് വേദന ഉണ്ടാക്കീട്ടില്ലെന്ന് മെമ്പർക്കറിയാമോ?

MR. P. S. MUHAMED: അങ്ങിനെ പ്രവർത്തിച്ചിട്ടില്ല. എന്നാണ് എൻറെ അറിവ്. ഇതുവരെ അങ്ങിനെ ചെയ്തിട്ടില്ലാത്തസ്ഥിതിക്ക് ഈ നിശ്ചയത്തെ എല്ലാവരും സ്വീകരിക്കേണ്ടതാണ്.

MR. K. R. NARAYANAN: ഗവണ്മെൻറ് ഗ്രാൻറ് നൽകുന്ന വൈദ്യശാലകളേക്കൂടി ഇതിൽ ഉൾപ്പെടുത്തുന്നതുകൊണ്ടു വിരോധമുണ്ടോ?

MR. P. S. MUHAMED: എനിക്ക് വിരോധമില്ല.

MR. THAMARAPLLIL KOCHUTHOMMEN (*Tiruvella*): സർ, പബ്ലിക്ക് സർവീസ് കമ്മീഷണരുടെജോലി നിർവഹണത്തിനുവേണ്ടി ഇന്നലെ ഈ സഭയിൽ വിതരണം ചെയ്ത മെമ്മോറിയൽ വായിച്ചുനോക്കി. തിരുവിതാംകൂറിലെ ഒരു ലക്ഷം ജനങ്ങളെ മുന്നു മതവിഭാഗമായി കണക്കാക്കി ഹിന്ദുക്കൾക്കു നൂറു ക്രിസ്ത്യാനികൾക്കു ഏഴു മുസ്ലീമുകൾക്കു രണ്ട് ഇങ്ങനെ ഒരു ആയി വിഭജനം ചെയ്തു കാണുന്നു.

ജനസംഖ്യ എടുക്കുന്ന കാലത്തു വിദ്യാഭ്യാസം ചെയ്തവരേയും വിദ്യാവിഹീനന്മാരേയും പ്രത്യേകം തരം തിരിച്ചെടുക്കുന്നുണ്ട്. ഓരോ സമുദായത്തിലും വിദ്യാഭ്യാസം ചെയ്തിട്ടുള്ളവരുടെ സംഖ്യയെ കണക്കാക്കി ഉദ്യോഗങ്ങൾ വീതിക്കുന്നതു നന്നായിരിക്കുമെന്നാണ് എൻറെ താഴ്മ

LIBRARY ARCHIVES Kerala Legislative Assembly

യായ അഭിപ്രായം. വിദ്യാഭ്യാസമുള്ളവർക്ക വിദ്യാഭ്യാസമില്ലാത്തവരുടെ കണക്കുകൂടി കൂട്ടി ഉദ്യോഗം തട്ടിക്കുന്നതിനു ഇതൊരു നല്ല വിദ്യയായിരിക്കുമെന്നുള്ളതല്ലാതെ വേറൊന്നും പറവാൻ കാണുന്നില്ല. സമുദായത്തിലെ സാക്ഷരതാമുള്ളവരുടെ സംഖ്യ കണക്കാക്കി ഉദ്യോഗം കൊടുക്കേണ്ടതാണു. ഒരു സമുദായത്തിലെ വിദ്യാഭ്യാസമുള്ള വ്യക്തികളുടെ സംഖ്യ കണക്കാക്കി ആ തോതനുസരിച്ച് ഉദ്യോഗം കൊടുക്കാമെന്നാണ് എന്റെ അഭിപ്രായം.

MR. PULIYOOR T. P. VELAYUDHAN PILLAI (*Tiruvella*) : അപ്പോൾ പബ്ലിക്കുസർവീസിൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യതത്വം സ്വീകരിക്കുന്നതു തെറ്റാണെന്നാണൊ മെമ്പറുടെ അഭിപ്രായം.?

MR. THAMARAPALLIL KOCHUTHOMMEN : വിദ്യാഭ്യാസം ചെയ്തവരുടെ സംഖ്യ നോക്കി ഉദ്യോഗം കൊടുക്കണമെന്നേ ഞാൻ പറയുന്നുള്ളൂ.

MR. KAINIKKARA M. PADMANABHA PILLAI : (*Changanachery* cum *Peermade*) ഉദ്യോഗവിതരണം ഓരോ സമുദായത്തിനും ജനസംഖ്യാനുപാതികമായി നടക്കണമെന്ന് അഭിപ്രായമില്ലെ?

MR. TAMARAPALLIL KOCHUTHOMMEN : ഇല്ല.

MR. PADIYARA JOSEPH KUNJU (*Chenganachery* cum *Peermade*): ഇതേവരെ കൃസ്ത്യീയസമുദായം അംഗീകരിച്ചിട്ടുള്ള ഒരു നിലയല്ലാ ഇതെന്നു മെമ്പക്കറിയാമോ?

MR: TAMARAPALLIL KOCHUTHOMMEN : അറിഞ്ഞുകൂടാ.

MR. PADIYARA JOSEPH KUNJU : ഈ അഭിപ്രായം കൃസ്ത്യീയസമുദായത്തിൽ മാറാക്കെക്കിലും ഉണ്ടൊ?

MR. KAINIKKARA M. PADMANABHA PILLAI : One question, Sir.

PRESIDENT : Really the honourable member is being bombarded by questions and I think he is feeling it. I am willing to allow one more question to be put to him, but no more.

MR. KAINIKKARA M. PADMANABHA PILLAI : ജനസംഖ്യാനുപാതികമായി ഉദ്യോഗം വിഭജിക്കുന്നതു തെറ്റാണെന്നു നായന്മാർ ഇതുവരെ പറഞ്ഞുകൊണ്ടിരുന്നരീതി നിറുത്തി ഇപ്പോൾ ജനസംഖ്യാനുപാതികമായി ഉദ്യോഗങ്ങൾ വിഭജിക്കണമെന്നു പറയുന്നതുകൊണ്ടാണോ മെമ്പർ ഇതിനെ എതിർക്കുന്നതു?

MR. THAMARAPALLIL KOCHUTHOMMEN : അതുകൊണ്ടല്ല. ഞാൻ എന്റെ സ്വന്തഅഭിപ്രായം പറഞ്ഞുവെന്നേയുള്ളൂ. വിദ്യാഭ്യാസമുള്ള

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thamarapallil Kochuthommen.]

വരുടെ ജനസംഖ്യ ഓരോ സമുദായത്തിലും എടുത്തു് അതിനെ അടിസ്ഥാനപ്പെടുത്തി ഉദ്യോഗവിതരണം ചെയ്യുന്നതായാൽ ഹിന്ദുക്കൾക്കു ഏഴും ക്രസ്ത്യാനികൾക്കു അഞ്ചും മഹമ്മദീയർക്കു ഒന്നും വീതം ഇങ്ങനെ പതിമൂന്നായിട്ടു കണക്കാക്കാവുന്നതും ഈ ക്രമമനുസരിച്ചു് ഉദ്യോഗം കൊടുക്കേണ്ടതുമാണു്. വിദ്യാഭ്യാസത്തെ അടിസ്ഥാനമാക്കി ഉദ്യോഗവിഭജനം ചെയ്താൽ എല്ലാ സമുദായങ്ങളിലും വിദ്യാഭിവൃദ്ധിക്കുള്ള ത്രാണങ്ങൾ അതായതു സമുദായക്കാർ ചെയ്യുന്നതാണു്. ഈ പ്രസ്താവിച്ച ഭേദഗതിയോടുകൂടി ഞാൻ ഈ ഭേദഗതിയെ അനുകൂലിച്ചുകൊള്ളുന്നു.

MR. K. R. NARAYANAN : സർ, തിരുവിതാംകൂറിലെ രാഷ്ട്രീയാന്തരീക്ഷം സദാസമയവും പ്രക്ഷുബ്ധമാക്കിക്കൊണ്ടിരിക്കുന്ന സമുദായപ്രാതിനിദ്ധ്യക്കായ്ത്തിനു് സാമാന്യം തൃപ്തികരമായ ഒരു തീരുമാനമുണ്ടാക്കത്തക്ക ഒരു നിശ്ചയം അവതരിപ്പിച്ചിരിക്കുന്ന നാഷണൽ കാൺഗ്രസ്സു പാർട്ടിയെയും, ആ പാർട്ടിയുടെ ലീഡർ മി. പത്മനാഭപിള്ളയേയും, ആശയും, ആനന്ദവും അലതല്ലുന്ന ഹൃദയത്തോടുകൂടി ഞാൻ അഭിനന്ദിച്ചു കൊള്ളുന്നു. സമുദായപ്രാതിനിദ്ധ്യവാദത്തെ സാധാരണയായി എതിർത്തുവന്നതു്—സ്വാഭാവികമായി എതിർത്തുവന്നതു്—അമിതപ്രാതിനിദ്ധ്യമുള്ള സമുദായങ്ങളിൽ ഒരു പ്രധാനസമുദായമായ നായർസമുദായമായിരുന്നു. അങ്ങിനെ എതിർത്തുവന്നവരിൽ ഗണ്യമായസ്ഥാനം മി കൈനിക്കരയ്ക്കുണ്ടായിരുന്നു. ആ നായർ സമുദായത്തിലെ, ആ മി. കൈനിക്കര സമുദായസൗഹാർദ്ദത്തിനും, പരസ്പരവിശ്വാസത്തോടുകൂടിയ പ്രവർത്തനത്തിനുംവേണ്ടി വാദിച്ചുകളോടുകൂടി ആദർശലോകത്തു നിന്നു് പ്രായോഗികലോകത്തേയ്ക്കു വന്നു കാണുന്നതു് ആർക്കും സന്തോഷകരമാണു്. ഇതൊരു പരാജയലക്ഷണമല്ല; തീർച്ചയായും ദീർഘദൃഷ്ടിയോടുകൂടിയ മഹാമനസ്കതയുടെ ലക്ഷണമാണെന്നുള്ളതിനു സംശയമില്ല. ഇന്നത്തെ നിശ്ചയം പ്രാതിനിദ്ധ്യം കുറഞ്ഞ സമുദായക്കാരുടെ സങ്കടപരിഹാരത്തിനു തികച്ചും പര്യാപ്തമാണെന്നു എനിക്കഭിപ്രായമില്ല. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള ഒരു സന്ധിയിൽ, ഉഭയകക്ഷികളുടെ സമ്മതമുള്ള ഒരു പരിപാടിയെന്നുള്ള ഇതിന്റെ പ്രത്യേകനിലയാണു ഇതിന്റെ മെച്ചം. നായർ ഫീഡിംഗ്കാൺഫറൻസിനെ സംബന്ധിച്ചു ചില തെറ്റിദ്ധാരണകളുള്ളതായിക്കാണുന്നു. പബ്ലിക്കുസർവീസ്സിനെ സംബന്ധിച്ചു് ഉത്തരധ്രുവത്തിലും ദക്ഷിണധ്രുവത്തിലുമാണു ഈ രണ്ടു സമുദായങ്ങളും നില്ക്കുന്നതു്. ഗൂഢാലോചനകൊണ്ടും മറ്റും അടുക്കുവാൻ കൂടുതൽ സൗകര്യമുള്ളതും ഇവർ

LIBRARY ARCHIVES Kerala Legislative Assembly

തമ്മിലാണ്. ഈ രണ്ടു പ്രബലസമുദായങ്ങളുടെ അകൽച്ച മാറ്റ യാൽ മറ്റുള്ള സമുദായങ്ങളുമായി അടുത്തു ഒരു സർവസമുദായ മൈത്രിയുണ്ടാക്കുവാനുള്ള വഴി ഭംഗിയായി തെളിയും. ചില സമുദാ യങ്ങളെ കൂട്ടു പിടിച്ചു മറ്റു ചില സമുദായങ്ങളെ ദൂഷണം ചെയ്യുണ മെന്നുള്ള ദ്രോഹബുദ്ധിയോടുകൂടി ഈഴവർ ആലോചനകളിൽ പങ്കെടു ത്തിട്ടില്ലാ. നായന്മാരുടേയും നില അതുതന്നെയായിരിക്കണം. അകൽച്ച കഴിയുന്നതും കളഞ്ഞു, അടുപ്പമുണ്ടാക്കുവാനുള്ള ശ്രമമാണു നഷ്ടമില്ലാ ത്തശ്രമമാണ്—നാം തുടരേണ്ടതു.

മി. കൊച്ചുതൊമ്മൻ മുതലാളി സാക്ഷരതപം നോക്കി ഉദ്യോഗം കൊടുക്കണമെന്നു പറഞ്ഞുകേട്ടപ്പോൾ "ഇതാണോ ഭൂലോകം" എന്നു ഞാൻ സ്വയം ചോദിച്ചുപോയി. ഇന്നലെ വരെ മി. ഒകെനിക്കരയും മറ്റും പറഞ്ഞിരുന്നതു് സാക്ഷരതപം. ഇന്നു അവരതുമാറ്റി നാം പറ ഞ്ഞിരുന്ന ജനസംഖ്യാനുപാതികതത്വം സമ്മതിച്ചപ്പോൾ, ജനസംഖ്യാ നുപാതികതത്വത്തിനു വാദിച്ചുകൊണ്ടിരുന്ന ഒരു സമുദായത്തിലെ മി. മുതലാളി സാക്ഷരതത്വത്തിനു വാദിക്കുന്നു. ഈ വാദത്തിന്റെ ദുഷ്യം —ക്രൂസ്ത്യാനികൾക്കു മൊത്തത്തിലുള്ള ദുഷ്യം—മി. മുതലാളി മനസ്സി ലാക്കിയെന്നു ഞാൻ വിശ്വസിക്കുന്നില്ലാ. മനസ്സിലാക്കിയാണു പറ ഞ്ഞതെങ്കിൽ സാക്ഷരതത്വത്തിനു വളരെ പിന്നോക്കം നില്ക്കുന്ന ചില ക്രൂസ്ത്യൻ സമുദായക്കാർ ഈ പുതിയ പ്രസംഗം ഒരു അപഹരണ മായി കരുതും. ആ കരുതൽ തെറ്റാണെന്നു പറയുവാൻ സാദ്ധ്യ മല്ലാത്ത വിധത്തിൽ മറ്റു സമുദായങ്ങളും സമുദായനീതിയുടെ മുമ്പിൽ കുഴയുകയും ചെയ്യും. മി. മുതലാളി ഇതു തന്റെ സ്വന്തം അഭിപ്രായമാ ണെന്നും, ക്രൂസ്ത്യൻ സമുദായത്തിന്റെ അഭിപ്രായം ഇതായിരിക്കു വാൻ ഇടയില്ലെന്നും പ്രസ്താവിച്ചതു പല ശങ്കകൾക്കും സംശയങ്ങൾക്കും പരിഹാരം വരുത്തുന്നുണ്ടെന്നുള്ളതു് മറക്കാവുന്നതല്ലാ. പബ്ലിക്കുസർ വീസ്സുകമ്മീഷണരുടെ റിപ്പോർട്ടു ഞാൻ പല പ്രാവശ്യം വായിച്ചു. ഇന്നലെ ഇവിടെ ചിലമെമ്പറന്മാർ അദ്ദേഹത്തെ അഭിനന്ദനംകൊണ്ടു അഭിഷേകം ചെയ്തതുപോലെയുള്ള ഒരു അകാലപ്രശംസയ്ക്കു് ഞാൻ മുതി ന്നില്ലാ. സാരമായ പിശകുകൾ അദ്ദേഹത്തിന്റെ നിയമങ്ങളിൽ വന്നിട്ടുണ്ടു്. ഇൻറർമീഡിയറു ഡിവിഷനിൽ, ഫെയിൽ ചെയ്ത നിയമനം നടന്നതിൽ, പുതു നിയമനങ്ങൾ, അമിതപ്രാതിനിദ്ധ്യമുള്ളവർക്കു കൊ ടുത്തു. അവർ ജനസംഖ്യയുടെ നാലിലൊന്നായിരിക്കുമ്പോൾ ഉദ്യോഗ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

ഞ്ഞിന്റെ രണ്ടിലൊന്നു ലഭിക്കുന്നു. ഇതേ അവസരത്തിൽ തന്നെ, ഈ ലാംഗ്വ് സർവീസ്സു ക്യാൻഡിഡേറുകളെക്കൂടി ഇവിടെ നിയമിക്കുന്നുണ്ടു്. ഈ ലാ: സ: ക്യാൻഡിഡേറുകളും പ്രായേണ പ്രാതിനിദ്ധ്യം കുട്ടതല്ലുള്ള സമുദായത്തിലെ അംഗങ്ങളായിരിക്കും. കണക്കു ശരിക്കുനോക്കിയാൽ അതു സമുദായനീതിയുടെ മറയിൽ കൂടി സമുദായകുത്തക പുലത്തിയിരിക്കുന്ന പട്ടികയായി മാറുന്നതു കാണാം.

MR. KANNANTHODATH JANARDANAN NAIR: ലാംഗ്വ് സർവീസ്സുനോക്കി, കൊടുത്തുകൂടാ എന്നാണോ മെമ്പറുടെ അഭിപ്രായം?

MR. K. R. NARAYANAN: ലാംഗ്വ് സർവീസ്സ് പരിഗണിക്കരുതെന്നു ഞാൻ പറയുന്നില്ലാ. സർവീസ്സിൽ കയറുവാനും, ലാംഗ്വ് സർവീസ്സുണ്ടാക്കുവാനും, ഭാഗ്യമില്ലാത്തവരുടെ പിച്ചച്ചട്ടിയിൽ മണ്ണു വാരിയിടത്തക്കവണ്ണം, നിയമനം നടത്തരുതെന്നു മാത്രമാണു ഞാൻ പറയുന്നതു്. സമുദായപ്രാതിനിദ്ധ്യം നോക്കി നിയമിക്കുവാനുള്ള ൪൦% ഈ തരക്കാരെക്കൊണ്ടു നിറച്ചാൽ ഉറങ്ങിക്കിടക്കുന്നവരെ വിളിച്ചുണത്തി അത്താഴമില്ലെന്നു പറയുന്നതുപോലെ സങ്കടമായിരിക്കും.

ഇൻറർമിഡിയറു ഡിവിഷനിൽ ഇങ്ങിനെയുള്ള പ്രധാന തകരാറുകൾവന്നതു്, ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാർ, ഒഴിവുണ്ടാകാവുന്നതിൽ കൂടുതൽ ഓവർഎസ്റ്റിമേറുചെയ്തു് സപ്ലൈസ്സു കമ്മീഷണരെ അറിയിച്ചതുകൊണ്ടും, അതനുസരിച്ചു പരീക്ഷനടത്തി ആളുകളെ ജോലികൊടുക്കുവാൻകഴിയാതെ പുറത്തുനിറുത്തിയതുകൊണ്ടുമാകുന്നു. റിപ്പോർട്ടിന്റെ ൪-ാം പുറത്തു്, ഫുഡ്-ൽ, ചുരുന്നു അക്കൗണ്ടൻറുമാരെ വേണ്ടിവരുമെന്നു അറിയിച്ചിരുന്നതായും, ഇതുവരെവു ൦ പേരെപോലും നിയമിക്കുവാനുള്ള വേക്കൻസികൾ ഉണ്ടായിട്ടില്ലെന്നു് കാണുന്നതും ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാരുടെ ഓവർഎസ്റ്റിമേഷന്റെ ദൃഷ്യം കാണിക്കുവാനുള്ള ഒരു ജീവൽദൃഷ്ടാന്തമാകുന്നു. ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാരുടെ ഈ ഓവർഎസ്റ്റിമേഷൻ പ്രാതിനിദ്ധ്യംകൂടിയ സമുദായങ്ങൾക്കു ഗുണകരമായും, കുറഞ്ഞവക്കു ഉപദ്രവകരമായും വന്നിരിക്കുന്നു.

MR. KANNANTHODATH JANARDANAN NAIR: അപ്പോൾ ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാർ കരുതിക്കൂട്ടി ഓവർ എസ്റ്റിമേറു ചെയ്യുന്നുവെന്നാണോ മെമ്പർ അഭിപ്രായപ്പെടുന്നതു്.

MR. K. R. NARAYANAN: കരുതിക്കൂട്ടിയല്ലായിരിക്കാം. ചെയ്യുന്നവരും, ഗുണംകിട്ടുന്നവരും അമിതപ്രാതിനിദ്ധ്യമുള്ള സമുദായങ്ങളിലെ അ

LIBRARY ARCHIVES Kerala Legislative Assembly

ഗങ്ങളായിരിക്കുമ്പോൾ കരുതിക്കൂട്ടിയാണെന്നുള്ളതെന്നിനു സംശയിക്കുവാൻ ദുർബലങ്ങളല്ലാത്ത കാരണങ്ങളുണ്ടെന്നുള്ളതു മറച്ചുവെയ്ക്കുവാനുള്ളതല്ല. കരുതിക്കൂട്ടിചെയ്തിട്ടില്ലെന്നു തന്നെയിരിക്കട്ടെ. ആ വാദമുഖം സമ്മതിക്കുന്ന പക്ഷം ഉണ്ടാകാവുന്ന വേക്കൻസികളുടെ സാമാന്യമായകണക്കു കൂട്ടുവാൻ ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാർക്കു കഴിയാതിരിക്കുന്നുവെന്നു സമ്മതിക്കേണ്ടിവരും.

MR. K. P. KOCHUKORATHARAKAN : പത്തു പ്രവർത്തിയാദിവസത്തിനകമാരെയാണ് വെക്കൻസിയിൽ നിന്നും നിയമിച്ചിട്ടുള്ള വിവരം അറിയാമോ?

MR. K. R. NARAYANAN : അറിയാം. അതിൽ ഒരിഴവുണ്ടെങ്കിലും ഇല്ലെന്നുള്ള വസ്തുതകൂടി അറിയാം.

ഫോർവേർഡ് കമ്മ്യൂണിറ്റികളുടെ പ്രാരംഭനിയമനങ്ങളിൽ എല്ലാസമുദായങ്ങളോടുമുള്ള നീതി കമ്മീഷണർ അവകർഷണസാമാന്യമായി പാലിച്ചിട്ടുണ്ടു. കമ്മീഷണർ നിയമിച്ച ആളുകളിൽ എത്രപേർ സർവ്വീസിലുണ്ടെന്നു അന്വേഷിക്കുമ്പോഴാണു, വാലുകെട്ടാതെകൂട്ടിൽ കയറിയ മത്സ്യങ്ങളുടെ അനുഭവമാണു്, പ്രാതിനിദ്ധ്യം കുറഞ്ഞ സമുദായങ്ങളിലെ അംഗങ്ങൾക്കു ലഭിച്ചിരിക്കുന്നതെന്നു വെളിവാകുന്നതു്. പബ്ലിക്കുസർവീസ്സുകമ്മീഷണർ ഒരു ക്രിസ്ത്യാനിയേയും, ഒരു പുലയനേയും രണ്ടു ഡിപ്പാർട്ടുമെൻറിലേയ്ക്കു നിയമിച്ചു. ക്രിസ്ത്യാനിക്കുവേണ്ടി അവധിയെടുക്കുവാൻ ക്രിസ്ത്യാനികൾ കാണും. എടുത്താൽ നിയമിക്കുവാൻ ആളുകളും കാണും. പുലയൻറെ അവധിതീർന്നാൽ എടുക്കുവാൻ പുലയനില്ലാ, എടുപ്പിച്ചാൽ കൊടുക്കുവാൻ ആളുമില്ലാ. ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാരുണ്ടാകുവാൻ ഭാഗ്യമുള്ള സമുദായത്തിലെ അംഗങ്ങൾ പ്രായേണ ഭാഗ്യവാന്മാർ. മറ്റുള്ളവർ ഘടിവാതലുകൾ കാത്തു നിരാശയോടുകൂടി മടങ്ങുന്നനിർഭാഗ്യവാന്മാർ. ഞാനിവിടെ ക്രിസ്ത്യാനിയെന്നും പുലയനെന്നും പറഞ്ഞതു് പ്രാതിനിദ്ധ്യം കുടിയവരെന്നും കുറഞ്ഞവരെന്നും ഉള്ള വിവക്ഷയിൽ മാത്രമാണു. ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാരിൽ കൺഫർമേഷൻപവ്വർ ഇരിക്കുന്നതും പ്രാതിനിദ്ധ്യം കുറഞ്ഞവർക്കു ഉപദ്രവകരമാണു. എത്ര സൂക്ഷിച്ചാലും പരിസരസമ്മർദ്ദംകൊണ്ടു ചിലർക്കു ചിലരോടു പക്ഷപാതം കാണിക്കേണ്ടിവന്നുപോകും. സമുദായജീവികളായമനുഷ്യൻറെ ഒരു ക്ഷീണവശം ഒരു ന്യൂനത, നാം എന്തിനു മറച്ചുവയ്ക്കുവാൻ പാഴ്വേല കാണിക്കുന്നു

മുകളിൽ വിവരിച്ച ന്യൂനതകൾക്കെല്ലാം കുറവുവരണമെങ്കിൽ ഒരു ഉപദേശകസമിതി ഉണ്ടായിരിക്കണം. ആ ഉപദേശകസമിതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

ഗണനീയമായ സമുദായങ്ങൾക്കെല്ലാം പ്രാതിനിദ്ധ്യവും ഉണ്ടായിരിക്കണം. മി: പത്മനാഭപിള്ളയുടെ നിശ്ചയത്തിൽ ഇതു കാണുന്നുണ്ട്. നിഷ്പക്ഷമായ ഒരുപദേശകസമിതിയുടെ നീതിപൂർവ്വകമായ ഉപദേശംകൊണ്ടല്ലാതെ കമ്മിഷണർ വസ്തുതകൾ ശരിക്കു ധരിക്കുകയില്ലാ. മി: പത്മനാഭപിള്ളയുടെ നിശ്ചയത്തിൽ ചില ചില്ലറ ഭേദഗതികൾ വേണമെന്നു എനിക്കഭിപ്രായമുണ്ട്. അതെല്ലാം അതിന്റെ അവസരത്തിലായിക്കൊള്ളാം.

MR. K. NARAYANAPERUMAL NADAR Sir, I agree with the conclusions reached by the Nair—Ezhava Conference. In so doing, I would like to make only one observation. Paragraph 17 of the conclusions reached at the Nair—Ezhava Conference reads thus:—

> "The principbl of communal rotation adopted for recruitment to public service should be made applicable to aided institutions such as colleges, schools and vaidyasalas under private management."

The principle underlying this was the subject of discussion in the Public Service Recruitment Committee of which I was a member. At page 51 of the Report of the Committee we find that it was moved that

> "the representation of various communities on the staff of the aided schools be taken into account in fixing the proportion allotted to each community on the staff of the departmental schools,"

and the opinion of the members of that Committee are to be found at pages 52 to 56 of the Report. At page 56 we find the following :

> "The resolution was put to vote and the result was as follows.—
>
> Messrs. Thanu Pillai, McAlpine, Westerdale, Kunjan Pillai and Narayanaperumal Nadar were for the motion. Messrs. Govindan, Kuniithomman, Thomas and Mahomed were against. Mr. Madhavan remained neutral. Miss Janaki Ammal was not present. The motion was carried."

In the Nair-Ezhava Conference a proposal for communal representation in aided schools has been made. Another reason is that one evil can be averted. In grant-in-aid schools, especially in South Travancore, belonging to the London Mission Society and the Roman Catholics, which are run with the help of Government money, proselytisation is carried on.

PRESIDENT: Order, order. The subject which we are discussing is thorny enough in all conscience. To bring allied subjects which might lead to more controversy would only arouse heat but will cast very little light.

MR. K. NARAYANAPERUMAL NADAR: If communal rotation is adopted in the various schools this evil of proselytisation will not exist. I will illustrate. Suppose a Hindu Nadar approaches a Christian

LIBRARY ARCHIVES Kerala Legislative Assembly

manager. The first question put to him is not whether he is a graduate or an under-graduate, or whether he is trained or untrained. It is whether he is a Christian or Hindu. The second question is whether he is prepared to become a Christian if given a job.

PRESIDENT : I do not think that the honourable member need go into this question. The honourable member may turn to some other aspect of the matter.

MR. K. NARAYANAPERUMAL NADAR : I wanted to deal exhaustively with that subject and I am very sorry I am not allowed to do so.

I want to say a few words about Rule 47 in regard to proof of community. I have already pointed out that the Christian Nadars write in their applications as Nadars and get appointed in the name of Nadars as defined in Schedule III. They do not write in their applications as S. I. U. C. or as Latin Catholics. Many of them write only as Nadars. Though during the period under review a number of Nadars were appointed to the Intermediate Division and to the Lower Division, I find that more than 50 per cent of them are not Nadars as defined in the schedule. Therefore it is a matter which has to be very carefully considered by Government.

Sir, it was I who led the deputation to the Dewan on 25th Kanni 1113 and he promised us to consider our request favourably. I also submitted a memorial to the Chief Secretary to Government on the same subject. On the 9th September 1939, he gave the reply in the following words :

> "With reference to your representation dated the 5th April 1939, I have the honour to inform you that as regards your suggestion that it should be made a rule that a Nadar applicant for appointment in public service should produce a certificate showing his religion, Government consider that such a rule is unnecessary as the Public Service Recruitment rules provide sufficient safeguards against false declaration about the community to which an applicant belongs."

It is only by making the Nadar applicant produce a certificate showing his religion in the column provided for it in the application, the evil referred to by me could be averted. I have been careful enough to ascertain the feeling of my community in this matter and they have all agreed to adopt my suggestion. It is on the strength of that assurance from the community which I represent, I am urging the adoption of my proposal. Once again I appeal to the authorities to incorporate my suggestion. As my time is limited, with these observations I resume my seat.

LIBRARY ARCHIVES Kerala Legislative Assembly

SRIMATI T. NARAYANI AMMA (*Nominated*): Sir, I beg to extend my hearty support to the resolution before the House. It was a happy idea on the part of the Government to have decided that the whole scheme of recruitment to the Public Services outlined in the G.O. of 25th June 1935 should be worked for three years tentatively and thatat the end of that period the position should be reviewed in the light of the conditions then existing. And anxious as the Government are for ascertaining public opinion on this important question, the Report of the Public Service Commissioner on the operation of the rules has been rightly included as one of the important subjects in the current session of the Assembly. And, we the members of the Legislature ought to be thankful to the Government for the opportunity thus afforded us for ventilating our views on this thorny subject of recruitment to the public services. While on this question, one feels it necessary to point out at the very outset that exceedingly good work has been done by the Public Service Commissioner. The able manner in which he has tackled what is admittedly a complex question deserves our warm commendation.

As regards the question of the representation of the various communities in the public services, I as a member of the National Congress party in the Legislature do not wish to say anything more than what is contained in the joint memorial submitted by us, the recommendations of which are embodied in the form of a resolution and moved here yesterday. I may be permitted, however, to point out that with reference to this important question, we have to bear in mind the fact that on account of the very nature of the subject, it is not possible to solve thde problem to the full satisfaction of all the communities concerned. All that possibly can be done is to create as much satisfaction as possible by a well-desired scheme, and this is what the Government have done.

There is one other matter which though not directly connected with the public service recruitment rules, as such, has a vital bearing on this important question of recruitment to the public services and as such it cannot be lost sight of and which I feel it my duty to refer to in this connection. I mean the recruitment of qualified women in the public services. Sir, women may be said to be an inadequately represented community so far as the public service is concerned. With the steady increase in the number of quailified women, the demand for a larger number of women being appointed in the various branches of the public service is sure to increase. It is therefore in the fitness of things that definite rules are laid down and enforced in regard to this matter. With these observations, I support the resolution before the House.

LIBRARY ARCHIVES Kerala Legislative Assembly

MR. PADIYARA JOSEPH KUNJU : സർ, കഴിഞ്ഞ ഫ ഒ സംവത്സര ക്കാലമായി വർഗ്ഗീയപ്രാതിനിധ്യത്തിനുവേണ്ടി അനുസൃതമായി പോരാടീ ട്ടുള്ള ഒരുവനാണു ഞാൻ. എന്നാൽ ഇതുവരെ ക്രസ്ത്യൻസമുദായത്തി ലെ ഒരംഗം സാക്ഷരതാപമനുസരിച്ചു പ്രാതിനിധ്യം വേണമെന്നു പറഞ്ഞു കേൾക്കുന്നതു ഇന്നുമാത്രമാണ്. എനിക്കു ക്രിസ്ത്യൻ സമുദായത്തിന്റെ പൊതുപ്രതിനിധി എന്ന നിലയിൽ എന്തെങ്കിലും പറയുന്നതിന് അവ കാശമുണ്ടെന്നു ഞാൻ പറയുന്നില്ല. എന്നാൽ ഞാൻ ഉൾപ്പെട്ട സിറി യൻ കാത്തലിക സമുദായം സാക്ഷരതാപമനുസരിച്ചുള്ള പ്രാതിനിധ്യത്തെ ശക്തിയായി പ്രതിഷേധിക്കുന്നു എന്നു പ്രസ്താവിച്ചുകൊള്ളട്ടെ. ഞങ്ങ ൾക്കാവശ്യമുള്ളതു് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യമാണ്. സർ, എന്റെ സമുദായത്തിലുള്ള പല നേതാക്കന്മാരോടും ആലോചിച്ചു അവരുടെ പൂർണ്ണമായ അറിവോടും സമ്മതത്തോടും കൂടിയാണ് നാഷ നൽ കോൺഗ്രസ് പാർട്ടിയിൽനിന്നും സമർപ്പിച്ച മെമ്മോറിയലിൽ ഞാൻ ഒപ്പുവച്ചതു്. ക്രിസ്ത്യൻ സമുദായാംഗങ്ങളിൽ ആരെങ്കിലും സാക്ഷരതാപം അനുസരിച്ചു സമുദായപ്രാതിനിധ്യം കൊടുക്കണമെന്നു കായ്യം ഗ്രഹിക്കാതെ പറഞ്ഞാൽ അതിനെ മറപിടിച്ചുകൊണ്ട് അമിത പ്രാതിനിധ്യമുള്ള സമുദായാംഗങ്ങൾ ആരും അതനുസരിച്ചുള്ള വാദം നടത്തരുതു് എന്ന് എനിക്കവരോടു് അപേക്ഷയുണ്ട്. മി. കൊച്ചു തൊമ്മൻ മുതലാളി ഇതുയും പറഞ്ഞതുകൊണ്ടു്, ഇതുവരെയുള്ള എന്റെ പൂർവ പരിചയംവച്ചുകൊണ്ടു്, ഈ പ്രശ്നത്തെപ്പറ്റിയുള്ള ഒരു സംക്ഷിപ്ത ചരിത്രം ഈ സഭയെ അറിയിക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ വി ചാരിക്കുന്നു. ആദ്യകാലത്തു സമുദായപ്രാതിനിധ്യത്തെപ്പറ്റി ഞങ്ങൾ പ്രസ്താവിച്ചപ്പോൾ സർവീസിൽ അമിതപ്രാതിനിധ്യം ലഭിച്ചിട്ടുള്ള പ്രബ ലസമുദായത്തിലെ അംഗങ്ങൾ ഞങ്ങളെ അവഹേളിച്ചു, പരിഹസിച്ചു, ഭത്സിച്ചു. ഞങ്ങൾ വീണ്ടും ബലമായി വാദിച്ചുതുടങ്ങിയപ്പോൾ കേവ ലം അവജ്ഞയോടുകൂടി ഉത്തരം പറയാതെ കഴിച്ചുകൂട്ടി. പിന്നെയും ഈ വാദം പ്രബലീഭവിച്ചു. അപ്പോൾ അവർ ഇതിനെ ദേശീയവാദം മുഴക്കി എതിർത്തു. പിന്നെയും ഈ വാദം ഒന്നുകൂടി പ്രബലീഭവിച്ച പ്പോൾ രാജ്യത്തിന്റെ ശ്രേയസ്സിനെ പുരസ്കരിച്ച്—സമുദായങ്ങൾ ത മ്മിലുള്ള സൗഹാർദ്ദതയെ ലക്ഷ്യമാക്കി വർഗ്ഗീയപ്രാതിനിധ്യതത്വം അം ഗീകരിക്കാമെന്നവർ സമ്മതിച്ചു. അതിനുശേഷമാണു പബ്ലിക്കു സർവീസു കമ്മീഷണനെ നിയമിക്കാമെന്നു ഗവണ്മെന്റു സഭയും വാഗ്

LIBRARY ARCHIVES Kerala Legislative Assembly

[Mr. Padiyara Joseph Kunju.]

ദാനം ചെയ്തത്. തവളകളെല്ലാംകൂടി ഞങ്ങൾക്കൊരധിപനെ വേണമെന്നാവശ്യപ്പെട്ടു. ഒരു തടിക്കഷണം കൊടുത്തു. അതുപോരാ സജീവമായ ഒരധിപനെ വേണമെന്നു പറഞ്ഞു. ഒരു കൊക്കിനെ അധിപനാക്കിക്കൊടുത്തു. അതു് എല്ലാത്തിനേയും കൊത്തിത്തിന്നു. ഈ ഒരനുഭവമാണു് വർഗ്ഗീയപ്രാതിനിധ്യവിഷയത്തിൽ കത്തോലിക്കാ സമുദായത്തിനുണ്ടായിട്ടുള്ളതു് എന്നു ഞാൻ കണക്കുസഹിതം തെളിവു തരാം.

സർ, ഫസ്റ്റ് ഉദ്യോഗങ്ങൾ ലോവർ ഡിവിഷനിൽ നടത്തിയിട്ടുണ്ടു്. ഇൻറർമീഡിയേറ്റ് ഡിവിഷനെപ്പറ്റി പറയുമ്പോൾ കായ്ക്ഷമത നോക്കണം അതുനോക്കണം ഇതുനോക്കണം എന്നൊക്കെ പറയും. എന്നാൽ ലോവർ ഡിവിഷനിലാകട്ടെ വെറും തല എണ്ണി ഉദ്യോഗം കൊടുക്കണമെന്നുള്ള ഗവൺമെൻറുത്തരവു് ഇരിക്കെ ആ ഉത്തരവിനെ വകവയ്ക്കാതെ ചെയ്തിട്ടുള്ള അനീതി എത്ര ഭീമമാണെന്നു കണക്കുകൾകൊണ്ടു മനസ്സിലാക്കാം. ഫസ്റ്റ് ഉദ്യോഗങ്ങൾ ലോവർ ഡിവിഷനിൽ കൊടുത്തപ്പോൾ സിറിയൻ കത്തോലിക്കർക്കു്—ജനസംഖ്യയിലോ, വിദ്യാഭ്യാസത്തിലോ ധനസ്ഥിതിയിലോ മറെറാരു സമുദായത്തിനേറയും പിന്നണിയിലല്ലാത്ത സിറിയൻ കത്തോലിക്കാസമുദായത്തിനു്—കിട്ടിയ എണ്ണം നൂറ് ആണു്. ഇവിടെ വിതരണം ചെയ്തിട്ടുള്ള ഉദ്യോഗനിയമനസ്റ്റാററിസ്റ്റിക്സ് ഗവണ്മെൻറിൻെറയാണോ, പബ്ലിക്കു സർവീസ് കമ്മീഷണരുടെയാണോ എന്നെനിക്കു നിശ്ചയമില്ല. അതിലെ ഫസ്റ്റ്-വംശത്തിനിന്നാണു് ഞാൻ ഇതുദ്ധരിച്ചതു്. ഫസ്റ്റ് മിഡുനം സെക്കൻറ്-വംശം- വരെ ഉദ്യോഗത്തിലിരിക്കുന്നവരും പബ്ലിക്കു് സർവീസ് കമ്മീഷണർ നിയമിച്ചിട്ടുള്ളവരുമായ സുറിയാനി കത്തോലിക്കരുടെ എണ്ണം ഇത്രമാത്രമാണു്. ഈ നിയമനം ഏതു തോതനുസരിച്ചാണെന്നു ഞാൻ തിരിച്ചും മറിച്ചും നോക്കി. പ്രാതിനിധ്യം കുറഞ്ഞ സമുദായക്കാർക്കു കൂടുതൽ കൊടുത്തിരിക്കാം. അങ്ങിനെയാണെങ്കിൽ ഞങ്ങൾക്കും കൂടുതൽ കിട്ടേണ്ടതാണു്. അമിതപ്രാതിനിധ്യമുള്ളവർക്കാണോ കൂടുതൽ കൊടുത്തതു്? അതുമല്ല. പിന്നെ ഈ കണക്കെങ്ങിനെ വന്നു എന്നെനിക്കറിഞ്ഞുകൂടാ. ഈഴവർക്കു് ഫസ്റ്റ് ഉദ്യോഗങ്ങൾ കൊടുത്തു. അവർക്കു കൊടുത്തതിൽ എനിക്കു പരാതിയില്ല; അവരും ഞങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

പ്പോലെ അസമത്വമനുഭവിക്കുന്ന സമുദായമാണ്. അതുകൊണ്ട് അവ
ക്കൊരു ൨൦൦ ക്രൂടി കൊട്ടുത്താലും എനിക്കു പരാതിയില്ല. പക്ഷേ
അവക്കു ൨ൻൻ ഉദ്യോഗം കൊടുത്തപ്പോൾ സിറിയൻ കാത്തലിക്കിനു
കൊടുത്തതു ൩൫ മാത്രമാണ്. ബ്രാഹ്മണർക്കു ൨൫ ഉദ്യോഗങ്ങൾ
നൽകിയിട്ടുണ്ടു; നായന്മാർക്ക് ൨൨൭ ഉദ്യോഗങ്ങൾ നൽകിയിട്ടുണ്ട്;
മുസ്ലീമിങ്ങൾക്കു ൪൭൫ ഉദ്യോഗങ്ങൾ കൊടുത്തിട്ടുണ്ട്. പബ്ലിക്ക്
സർവീസ് റിക്രൂട്ടുമെൻറു കമ്മീഷനെപ്പറ്റിയുള്ള റിപ്പോർട്ടിൻെറ ൯-ാം
വശത്തു അദ്ദേഹം ൨ൻൻ കത്തോലിക്കരെ ഉദ്യോഗത്തിനു ശുപാർശ
ചെയ്തതായി പറയുന്നു. സർ, ഈ ൩൫ പേരെ നീക്കി ബാക്കിയുള്ള
൨൦൦ൽപരം സുറിയാനി കത്തോലിക്കർക്ക് എന്തു സംഭവിച്ചു? അവ
രെല്ലാം കാളറാ പിടിച്ചു മരിച്ചോ, തിരുവിതാംകൂർ സംസ്ഥാനം വിട്ടുപോ
യോ? എന്തു ഞാൻ സഭ്യഗൗരവം പോലിച്ചുകൊള്ളട്ടെ.

സർ, അങ്ങു് ചിലപ്പോഴല്ല, പലപ്പോഴും, സുറിയാനി കത്തോ
ലിക്കർ രാജഭക്തരും സമാധാനതല്പരരുമാണെന്നു സാക്ഷ്യപത്രങ്ങൾ
നൽകീട്ടുണ്ട്. രാജഭക്തിയുടെയും സമാധാനതല്പരതയുടേയും ഫലം
ഇതാണോ എന്നാണു ഞാൻ വിനയപുരസ്സരം അങ്ങയോടു
ചോദിക്കുന്നതു? അങ്ങനെയാകൽ അങ്ങയുടെ ഉദ്യോഗസ്ഥന്മാർ അനീതി
യായി ദുഷിച്ച മനസ്ഥിതിയോടുകൂടി പ്രവർത്തിച്ചിരിക്കണം അല്ലെ
ങ്കിൽ പബ്ലിക്ക് സർവീസു കമ്മീഷണർ അദ്ദേഹത്തിൻെറ കീഴ്
സിൽബന്ധികളുടെ വലയിൽപെട്ടു് അനീതി പ്രവർത്തിച്ചിരിക്കണം.
സർ, ഈ ഡിപ്പാർട്ടുമെൻറു് അനീതി, അക്രമം, അഴിമതി, അസത്യം,
അധർമ്മം എന്നീ "അ"കാരപഞ്ചകത്തിൻെറ മൂർത്തീകരണമായിരുന്നു.
ഈ രാജ്യത്തെപ്പറ്റിയോ ഇവിടത്തെ സ്ഥിതിഗതികളെപ്പറ്റിയോ യാ
തൊരു പരിജ്ഞാനവുമില്ലാത്ത ഇവിടത്തെ സമുദായവിഭജനത്തെപ്പറ്റി
യൊന്നും അറിഞ്ഞുകൂടാത്ത ഒരാളിനെ ഇവിടത്തെ പബ്ലിക്ക് സർവീസു
കമ്മീഷണറായി ഞങ്ങൾക്കാവശ്യമില്ലെന്നുള്ളതാണ് എൻെറ അഭി
പ്രായം. സർ, ഞങ്ങളെപ്പറ്റിയോ ഞങ്ങളുടെ പ്രാതിനിധ്യസ്വഭാവ
ത്തെപ്പറ്റിയോ അറിവില്ലാത്ത ഒരു വിദേശിയുടെ തിരുമ്മിനെക്കാൾ
ഇവിടത്തെ സ്ഥിതിഗതികൾ അറിയാവുന്ന ഒരു സ്വദേശിയുടെ മുഖ
ത്താണു ഞങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്നതു. ഗവൺമെൻറു് പരിശുദ്ധ
മായ ഉദ്ദേശത്തോടുകൂടി എല്ലാ സമുദായക്കാരേയും തൃപ്തിപ്പെടുത്തുന്നതി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Padiyara Joseph Kunju.]

നാണ് ഇവിടെ ഒരു പബ്ളിക്ക സർവീസു കമ്മീഷണരെ നിയമിച്ചിട്ടുള്ളതു്. എന്നാൽ അനുഭവം തൃപ്തികരമല്ല. അതിനാൽ ഇതിനെ ഒന്നടച്ചു വാക്കു കണ്ണ വേണം. അല്ലെങ്കിൽ പബ്ളിക്ക സർവീസു കമ്മീഷണർ വേണ്ട. ഞങ്ങൾക്കു് ഉദ്യോഗവും വേണ്ടെന്നു വയ്ക്കയ്യാം. ആരെങ്കിലും കൊണ്ടുപൊയ്ക്കോളട്ടെ.

സർ, ഇതിനിടയിൽ മറെറാരു പ്രശ്നംകൂടി മി. നാരായണപ്പെരുമാൾനാടാർ അവതരിപ്പിക്കയുണ്ടായി. മി. കൈനിക്കര പത്മനാഭപിള്ള നേതൃത്വം വഹിക്കുന്ന പാർട്ടിയും, മറവു പാർട്ടിയും അംഗീകരിച്ചിട്ടുള്ളതായ റിപ്രസൻറേഷനിൽ അങ്ങനെ ഒരു വ്യവസ്ഥ ഇല്ലല്ലോ എന്നു ഞാൻ സന്തോഷിക്കയും മി. പത്മനാഭപിള്ളയുടെ ഭേഗത്തിയാണ് ഇവിടെ പാസ്സാകാൻ പോകുന്നതെന്നു പ്രത്യാശിക്കയും ചെയ്യുന്നു. വിവിധ വകുപ്പുകളെ സംബന്ധിച്ചു വാദപ്രതിവാദം വരുമ്പോൾ എനിക്കു പറയുവാനുള്ളതു സവിസ്തരം പ്രസ്താവിച്ചുകൊള്ളാം. മി. നാരായണപ്പെരുമാൾ നാടാരുടെ അസംബന്ധപ്രലപനങ്ങളെ അതർഹിക്കുന്ന അവജ്ഞയോടുകൂടി വീക്ഷിക്കുകമാത്രമേതല്ലുവാൻ ചെയ്യുന്നുള്ളു.

MR K. NARAYANA PERUMAL NADAR: On a point of order, Sir. My friend says that my observations are അസംബന്ധം. May I request the chair to see that that expression is withdrawn.

DEPUTY PRESIDENT: Mr. Joseph Kunju will please withdraw that word.

MR. PADIYARA JOSEPH KUNJU: സർ, മി. നാടാക്കു് മലയാളം നല്ലവണ്ണം അറിഞ്ഞുകൂടാ. "അസംബന്ധം" എന്നുവച്ചാൽ സംബന്ധമില്ലാത്തതു്. എന്നേ അർത്ഥമൊള്ളു. ഇവിടെ ഒരു ജനറൽ ഡിസ്കഷനാണു നടത്തിയതു്.

DEPUTY PRESIDENT: It is for the chair to say whether a certain statement is relevant or irrelevant. The member must withdraw that expression.

MR. PADIYARA JOSEPH KUNJU: I withdraw. സർ, സിറിയൻ കാത്തലിക്കിനെപ്പററി മാത്രമേ ഞാൻ പ്രത്യേകമായിട്ടു പറഞ്ഞുള്ളു. ഓരോ സമുദായങ്ങളേയും പ്രതിനിധീകരിക്കുന്ന മെംബർമാർ അവരവരുടെ സമുദായത്തെപ്പററി പ്രതിപാദിച്ചുകൊള്ളും. ബാക്കി എനിക്കു പ്രസ്താവിക്കാനുള്ളതു് അതതു വകുപ്പുകാം വരുമ്പോൾ പ്രസ്താവിച്ചുകൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

